പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 361* 24.8.2017-ൽ മറുപടിയ്ക്ക്

## ഇറച്ചിക്കോഴി ഉത്പാദനത്തിൽ സ്വയംപര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ<br>,, കെ.വി.വിജയദാസ്<br>,, പി.ടി.എ. റഹീം<br>,, എം. നൗഷാദ് | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം ക്ഷീരവികസനം,മൃഗശാല വകുപ്പ മന്ത്രി) |
| എ) ഇറച്ചിക്കോഴി വളർത്തലിൽ കർഷകരും ഉപഭോക്താക്കളും അയൽ സംസ്ഥാനങ്ങളിലെ വ്യാപാരികളുടെ ചൂഷണത്തിന് വിധേയരാകുന്നത് അവസാനിപ്പിക്കാനായി എന്തെങ്കിലും പദ്ധതിയുണ്ടോ; | എ) കുടുംബശ്രീ, കെ.എസ്.പി.ഡി.സി. മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിച്ച് വില നിയന്ത്രണം സാദ്ധ്യമാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. 2017-18 വർഷം 1000 യൂണിറ്റും തുടർ വർഷങ്ങളിൽ ഘട്ടം ഘട്ടമായി ആകെ 5000 യൂണിറ്റുകളും തുടങ്ങുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| ബി) ഈ മേഖലയിൽ സംസ്ഥാനത്തെ കർഷകരെ സ്വയംപര്യാപ്തമാക്കുന്നതിനായി ആവശ്യത്തിന് ജനിതകമേന്മയുള്ള കോഴിക്കുഞ്ഞുങ്ങളും കോഴിത്തീറ്റയും ലഭ്യമാക്കുന്നതിനുവേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകൾ വഴി കേരള വെറ്ററിനറി യൂണിവേഴ്സിറ്റി ഇതര കേന്ദ്ര/കേരള സർക്കാർ ഏജൻസികളുടെ സഹകരണത്തോടെ വീട്ടുവളപ്പിലെ കോഴി കൃഷിക്ക് അനുയോജ്യമായ ജനിതക മേന്മയുള്ള കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കർഷകർക്ക് നൽകി മുട്ട, ഇറച്ചി ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം സാദ്ധ്യമാക്കുവാൻ 59 ലക്ഷം വിരിയിപ്പ് മുട്ടകളും 49 ലക്ഷം കോഴിക്കുഞ്ഞുങ്ങളെയും ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.<br>കെ.എസ്.പി.ഡി.സി യുടെ ആഭിമുഖ്യത്തിൽ കുടുംബശ്രീ യൂണിറ്റുകൾ വഴിയുള്ള |

കോഴിവളർത്തൽ, കോഴിവളർത്തൽ ഗ്രാമം പദ്ധതി, റൂറൽ ബാക്ക്യാർഡ് പദ്ധതി പട്ടികജാതിക്കാർക്ക വേണ്ടിയുള്ള കോഴി വളർത്തൽ പദ്ധതി എന്നിവയിലൂടെ 69800 മുട്ടക്കോഴികളെ വിതരണം ചെയ്യുന്നു. കൂടാതെ കെപ്കോ ആശ്രയ പദ്ധതി. കെപ്കോ നഗരപ്രിയ പദ്ധതി, കുഞ്ഞു കൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി. കോൾ നിലങ്ങളിലെ കോഴിവളർത്തൽ, ഇന്റഗ്രേഷൻ പദ്ധതി എന്നീ പദ്ധതികളും നടപ്പിലാക്കുന്നു. തിരുവനന്തപുരം ജില്ലയിൽ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ബ്രോയിലർ ബ്രീഡർ ഫാമിൽ മേൽത്തരം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് സൗജന്യ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്ത് ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. മൃഗസംരക്ഷണ വകുപ്പും കൊല്ലം ജില്ലാ പഞ്ചായത്തും സംയുക്ത മായി ആയൂരിലെ തോട്ടത്തറ ഹാച്ചറിയിൽ 5.82 കോടി രൂപ ചെലവഴിച്ച് ഉല്പാദനം കൂട്ടുവാനുള്ള പദ്ധതി പൂർത്തിയാക്കും. മലപ്പുറം ജില്ലയിലെ എടവണ്ണയിൽ 3 കോടി രൂപ ചെലവഴിച്ച് പുതിയ ഹാച്ചറിയുടെ നിർമ്മാണ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ തന്നെ ആതവനാട് കോഴി വളർത്തൽ ഫാമിൽ ഈ വർഷം തന്നെ ഹാച്ചറി പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള ഹാച്ചറികൾ നവീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ കോഴിത്തീറ്റ നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നു. കൂടാതെ

കെ.എസ്.പി.ഡി.സി യുടെ തൃശ്ശൂർ ജില്ലയിലെ മാളയിൽ നിർമ്മാണത്തിലിരിക്കുന്ന കെപ്കോ കോഴിത്തീറ്റ ഉല്പാദന യൂണിറ്റ് പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് മേൽത്തരം കോഴിത്തീറ്റ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതാണ്.

സി) ഇക്കാര്യത്തിൽ കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം വിപുലീകരിച്ച് ഉല്പാദനത്തിനുവേണ്ട ഭൗതിക സാഹചര്യങ്ങളിൽ സ്വയംപര്യാപ്തത നേടാൻ പദ്ധതി തയ്യാറാക്കുമോയെന്ന് വ്യക്തമാക്കുമോ?

സി) സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ മേൽനോട്ടത്തിൽ സ്ഥല സൗകര്യം, ഫണ്ട് എന്നിവയുടെ ലഭ്യത അനുസരിച്ച് പുതിയ ഫാമുകൾ സ്ഥാപിക്കാനും ഹാച്ചറി സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും അതുവഴി സംസ്ഥാനത്തിന് ആവശ്യമായ ഇറച്ചിക്കോഴികളെ ഇവിടെത്തന്നെ ഉല്പാദിപ്പിക്കാനുള്ള പദ്ധതി തയ്യാറാക്കാനും ഉദ്ദേശിക്കുന്നു. അതിന് പര്യാപ്തമായ വിധത്തിൽ ഫാമുകളുടെയും ഹാച്ചറികളുടേയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ